2B1N20079 (Pages : 1) Reg. No:..............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Malayalam Degree Examination, November 2020**

**BJL1C01– Introduction to Communication & Journalism**

(2020 Admission onwards)

Time: 1 ½ hours Max. Marks : 40

**Part A**

**All questions may be answered. Each question carries 2 marks.**

1. Community radio
2. Encoding and decoding
3. Noise
4. Phalke
5. Hypertext
6. News portal
7. SMCR model

**Ceiling: 10 marks**

**Part B**

**All questions may be answered .Each question carries 5 marks.**

8. Feedback in communication
9. Magazine journalism and its future
10. Scope and limitations of print media
11. Characteristics of television as a mass medium
12. Reasonable restrictions to the freedom of speech and expression

**Ceiling: 20 marks**

**Part C**

**Answer any ONE of the following question**

13. What are mass media? Examine the important function of mass media in India?
14. 'The role of a journalist is challenging and changing.' Analyse this statement in the light of the overwhelming presence of the digital media platforms.

**(1x10=10 marks)**

2B1N20080 (Pages : 2) Reg. No:..............................

Name: ...............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA English Degree Examination, November 2020**

**BJL1C05– Introduction to Electronic Media**

(2020 Admission onwards)

Time: 1 ½ hours Max. Marks : 40

## SECTION A

**Answer all the following questions choosing the correct answer.**
**Each question carries two marks.**

1. Face to face communication is an example of ---------------------------------
   a) Intrapersonal communication b) Interpersonal communication
   c) Data communication d) Mass communication
2. Narcotizing is an ----------------------------------function of the media
   a) Positive b) Negative
   c) Neutral d) All of the above
3. The first national TV channel is
   a) Doordarshan b) Asianet
   c) AIR d) Surya TV
4. Introduction to a news story is also called------------------------------
   a) Beat b) Lead
   c) Feature d) All of the above
5. Inverted Pyramid style of reporting started--------------------------------
   a) During World War I b) During World War II
   c) During American Civil War d) During Civil War
6. SITE is -----------------------------
   a) Satellite Industrial Television Experience
   b) Satellite Instructional Television Experiment
   c) Satellite Informational Television Experiment
   d) Satellite Indian Television Experience
7. Alam Ara is ----------------------------------
   a) Silent film b) 3D film
   c) Talkie d) All of the above

**Ceiling 10 marks.**

X

## SECTION B

**Answer all questions. Each question carries 5 Marks**

8. DTH
9. Extrapersonal communication
10. E-Zines
11. Cable TV
12. Dadasaheb Phalke

**(Ceiling 20 Marks)**

## SECTION C

**Answer any one question. Ceiling 10 marks.**

13. Discuss about the role of social media in the field of journalism
14. Briefly describe the evolution of broadcasting

**(1 x 10 = 10 Marks)**

2B1N20067 (Pages : 3) Reg. No:...........................

Name: ...............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA/B.Sc Degree Examination, November 2020**

**BML1A07(1) – Malayala sahithyam – 1**

(2020 Admission onwards)

Time: 2.5 hours Max. Marks : 80

## Section A

**I.** **ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക**

1. 'തേടിച്ചിത്തരം കാട്ടി നടന്നോളല്ല, തെമ്മാടിത്തറവാട്ടിൽ ജനിച്ചോളല്ല' ഇങ്ങനെ പ്രഖ്യാപിക്കുന്നത് ആര്?

2. 'എത്രനേടുന്നിതർഥം ശിവ, ശിവ' എന്തൊക്കെ വിറ്റാണ് ആളുകൾ അളവില്ലാത്ത അർഥം നേടുന്നത്?

3 'എന്നോടിത്രയും സ്നേഹം കാണിച്ചില്ലേ, ഞാനൊരു കാര്യം ചെയ്യാൻ പോകുകാ, തടസ്സം പറയരുത്' കുഞ്ചുനായർ ഇതു പറഞ്ഞ് ചെയ്ത കാര്യമെന്തായിരുന്നു?

4. കാളിയന്റെ വിഷം ശ്വസിച്ച് കാളിന്ദീ തീരത്ത് എന്തു സംഭവിച്ചു?

5. "എന്റെ മോഡൽ നിശ്ചയിക്കുന്നത് ആരാണ്, നിങ്ങളോ ഞാനോ" പപ്പൻ ഇങ്ങനെ ചോദിക്കാനുണ്ടായ സാഹചര്യം എന്ത്?

6. "എനിക്ക് ഒന്നും മനസ്സിലാക്കാൻ കഴിഞ്ഞില്ല, ഒന്നും. പക്ഷേ, കവിതയും സംഗീതവുമൊന്നും ഒരിക്കലും എന്റെ വിഷയങ്ങളായിരുന്നില്ലല്ലോ, അതുകൊണ്ട്...." ആരുടെ വാക്കുകൾ?. ആരെക്കുറിച്ചാണ് ഈ വാക്യത്തിലെ സൂചന?

7. 'ഉപ്പിച്ചവെള്ളമിറക്കാമോ' എന്ന് പാക്കനാർ തമ്പുരാനോട് ചോദിക്കുന്നതിന്റെ അർഥമെന്ത്?

8. "പണ്ടേ തുടങ്ങിയതാണ് ഈ ഡബിൾ ആക്ട്" സീത 'ഡബിൾ ആക്ട്' എന്നതുകൊണ്ട് സൂചിപ്പിക്കുന്നതെന്ത്?

9. കുപ്പമ്മയെച്ചൊല്ലി സരളയ്ക്ക് ഒരിക്കലും തലപുകക്കേണ്ടി വന്നില്ല കാരണമെന്തായിരുന്നു?

10 വിക്കുള്ള പണ്ഡിതൻ പുരാണകഥ പറഞ്ഞാൽ എങ്ങനെയിരിക്കുമെന്നാണ് നമ്പ്യാർ പരിഹസിക്കുന്നത്?

11 'ഗോവിന്ദരാമന്മാർ ഗോക്കളെ മേച്ചങ്ങു
മേവിത്തുടങ്ങിനാർ മെല്ലെമെല്ലെ'

ഈ ഈരടിയിൽ 'ഗോവിന്ദരാമന്മാർ' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ആരെല്ലാം?

12 'അവിടെ പോകാൻ പാടില്ല, ഉമ്മയുടെ കല്പനയാണ്'. ആരുടെ വാക്കുകൾ, ഏതു സ്ഥലത്തെയാണ് ഇത് സൂചിപ്പിക്കുന്നത്?

13 മലയാളത്തിൽ അധ്യാപകകഥകളുടെ പേരിൽ പ്രസിദ്ധനായ കഥാകൃത്ത് ആര്?

14 ചൂലുകൊണ്ട് അടിക്കുമെന്ന് ഭീഷണിപ്പെടുത്തിയ ഭർത്താവിനോട് ഉണ്ണിയാർച്ച പറഞ്ഞ മറുപടി എന്തായിരുന്നു?

15 മലയാളത്തിലെ ആദ്യ ചെറുകഥയായി അറിയപ്പെടുന്ന 'വാസനാവികൃതി' രചിച്ചത് ആര്?

**(2 X 15** = 30 പരമാവധി മാർക്ക് 25)

## Section B

**II. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.**

16. മാപ്പിളസമരങ്ങളുടെ കാലത്തെ മലബാറിലെ മുസ്ലിം സ്ത്രീയുടെ അവസ്ഥകളെക്കുറിച്ച് 'മറിയക്കുട്ടിയുടെ കത്ത്' എന്ന പാട്ടിൽ നിന്ന് ലഭിക്കുന്ന വിവരങ്ങളെന്തെല്ലാം.

17. ബ്രാഹ്മണരുടെ തൊട്ടുകൂടായ്മയിലെ യുക്തിരാഹിത്യം പാക്കനാർ ചോദ്യംചെയ്യുന്നത് എങ്ങനെയെല്ലാം?

18. കാളിയനും കൃഷ്ണനും തമ്മിൽ നടന്ന സംഘർഷം കവി വിവരിക്കുന്നതെങ്ങനെ?

19. വ്യക്തികളുടെ രൂപഭാവങ്ങൾ ഹാസ്യംകലർന്ന് വിശദീകരിക്കാനുള്ള അക്ബർ കക്കട്ടിലിന്റെ പാടവം ആറാംകാലം എന്ന കഥയിലെ ഉദാഹരണങ്ങൾ നിരത്തി വിശദമാക്കുക

20. കടല് എന്ന കഥയിലെ അമ്മയുടെ പഴയ കുറിപ്പുകളില് തെളിയുന്ന കാര്യങ്ങൾ എന്തെല്ലാം?

21 'ഒത്തുതീർപ്പുകൾ' എന്ന കഥയിൽ നഗരത്തിലെ മനുഷ്യബന്ധങ്ങളുടെ കാപട്യം കഥാകൃത്ത് ചിത്രീകരിക്കുന്നതെങ്ങനെ?

22 കുഞ്ചുനായർ മനക്കലെ ആനക്കാരനായതിനു പിന്നിലെ സംഭവമെന്തായിരുന്നു?

23 അർഥമെത്ര വളരെയുണ്ടായാലും തൃപ്തിയാകാ മനുഷ്യനൊരുകാലം എന്ന യാഥാർഥ്യം വ്യക്തമാക്കുന്നതിനായി പൂന്താനം നിരത്തുന്ന തെളിവുകളെന്തെല്ലാം?

**(5X 8** = 40 പരമാവധി മാർക്ക് 35)

## Section C

**III. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾ രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

24. സമൂഹത്തിലെ ഓരോ വ്യക്തിയെയും സൂക്ഷ്മമായി നിരീക്ഷിക്കുന്ന ഒരു വിദൂഷകനെ കുഞ്ചൻനമ്പ്യാരിൽ കാണാം. രുഗ്മിണിസ്വയംവരം തുള്ളലിലെ രുഗ്മിണിയുടെ വിവാഹനിശ്ചയ സന്ദർഭം മുൻനിറുത്തി ഈ വസ്തുത വിവരിക്കുക.

25. നാടൻപാട്ടിന്റെ സവിശേഷതകളെയും നാടൻപാട്ടുകളിലെ വ്യത്യസ്ത വിഭാഗങ്ങളെയും ഉദാഹരണസഹിതം പരിചയപ്പെടുത്തി ഒരു ഉപന്യാസം തയ്യാറാക്കുക.

26. 'മലയാളത്തിലെ സ്ത്രീവാദചിന്തകളുടെ ആദ്യകിരണങ്ങളാണ് സരസ്വതിയമ്മയുടെ കഥകൾ' എന്ന നിരീക്ഷണം ഡബിൾ ആക്ട് എന്ന കഥയെ മുൻനിറുത്തി വിശദീകരിക്കുക

27. ജീവിതയാത്രക്കിടയിൽ കാണാതായിക്കൊണ്ടിരിക്കുന്ന സഹയാത്രികർ എന്ന ദാർശനിക മാനമുള്ള ഒരാശയം ഹാസ്യത്തിന്റെ മേമ്പൊടിയിൽ അവതരിപ്പിക്കുന്ന കഥയാണ് ആറാംകാലം എന്ന വിഷയത്തിൽ ഒരു കുറിപ്പെഴുതുക

**(2X 10** = 20 മാർക്ക് )

2B1N20068 (Pages : 3) Reg. No:.............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BCOM/BBA Degree Examination, November 2020**

**BML1A07(2) – Sahithya Padanam – I**

(2020 Admission onwards)

Time: 2.5 hours Max. Marks : 80

## Section A

**I. ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക**

1. കടനൂരിന് ആ പേര് കിട്ടിയതിനുപിന്നിലെ ഐതിഹ്യമെന്ത്?
2. ആത്മപ്രതീതമായ സൗന്ദര്യത്തെ എം പി പോൾ വിശദീകരിക്കുന്നതെങ്ങനെ?
3. ഇടശ്ശേരി അയിർമണ്ണ് എന്ന് വിശേഷിപ്പിക്കുന്നത് എന്തിനെ?
4. ഉദ്ധരണങ്ങൾ കൊണ്ട് സനാഥങ്ങളും ഖണ്ഡികകൾ കൊണ്ട് സുചിന്തിതങ്ങളും ആക്കിത്തീർക്കുന്ന പ്രബന്ധങ്ങൾ എന്ന് എം എൻ വിജയൻ പരിഹസിക്കുന്നതെന്തിനെ?
5. സിവിൽ സർവീസ് അഭിമുഖത്തിനിടയിൽ ബംഗാളിയായ സെൻഗുപ്ത ധർമപാലനോട് അവസാനമായി നല്കിയ ഉപദേശമെന്തായിരുന്നു?
6. നൂറു സിംഹാസനം എന്ന നോവലിലെ ബോധാനന്ദനെ പരിചയപ്പെടുത്തുക
7. 'ചിലപ്പോൾ നമ്മുടെ മനസ്സിൽ തുളകളുണ്ടാക്കിക്കൊണ്ട് കടന്നുപോകുന്ന ചില ചിരികളുണ്ട്' നീലിമയ്ക്ക് ഇങ്ങനെ തോന്നിയതെപ്പോൾ?
8. 'കൈമടകൾ' എന്നാലെന്ത്?
9. 'ഒരിതൾ' എന്ന കഥയിൽ, തന്റെ മുറിയിലെത്തിയ ബാലു നീലിമയോട് ആവശ്യപ്പെട്ടതെന്തായിരുന്നു?
10. ഇംഗ്ലീഷ് പഠനത്തെ കുറിച്ച് ഗുരുവായ പ്രജ്ഞാനന്ദൻ ധർമപാലനെ ഉപദേശിച്ചത് എന്ത്?
11. 'കുണ്ടെ ഹബ്ബ' എന്നാലെന്ത്?
12. പതിനെട്ടാം നൂറ്റാണ്ടിലെ രാഷ്ട്രീയചിന്തകനായ ബർക്കിന്റെ യുവകൃതിയുടെ മുഖ്യോദ്ദേശ്യമെന്തായിരുന്നു?

13 ഓട്ടോ ഓടിക്കുന്ന സജീവൻ എപ്പോഴും സ്വപ്നം കണ്ടിരുന്നത് എന്തായിരുന്നു?

14 ആത്മീയ റിസർച്ച് സെന്ററിന്റെ നടത്തിപ്പുകാർ ആരെല്ലാം?

15 ആദ്യരാത്രിയിൽ രാധിക സജീവന്റെ മുമ്പിൽ നിരത്തിയ കണ്ടീഷനുകൾ എന്തെല്ലാമായിരുന്നു?

(2 X 15 = 30 പരമാവധി മാർക്ക് 25)

## Section B

**II. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.**

16. കറുത്ത നിറത്തെയും ആ നിറമുള്ള ശരീരത്തെയും മലയാളസിനിമ പരിഗണിച്ചത് എങ്ങനെയെല്ലാമാണ്?

17. രമണീയത, മഹനീയത എന്നീ സംഗതികളെ ബർക്ക് വ്യത്യാസപ്പെടുത്തുന്നത് എങ്ങനെയെല്ലാം?

18. കുടകിലെ എരുമാട് എന്ന പ്രദേശത്തിലെ മുസ്‌ലിം കുടിയേറ്റക്കാരെക്കുറിച്ച് എൻ പ്രഭാകരൻ പങ്കുവെക്കുന്ന വിവരങ്ങളെന്തെല്ലാം?

19. കുടകിലെ ദലിതുകളും കുടിയേറ്റ കൂലിപ്പണിക്കാരും അനുഭവിച്ച വിവേചനങ്ങൾ എന്തൊക്കെയായിരുന്നു?

20. പ്രജ്ഞാനന്ദൻ എന്ന ഗുരു ധർമപാലന്റ ജീവിതത്തെ സ്വാധീനിച്ചതെങ്ങനെ?

21 'ചാത്തുക്കുട്ടിയുടെ അമ്മ' എന്ന കഥയിലെ ഉണ്ണിച്ചിരയുടെ അന്ത്യം എങ്ങനെയായിരുന്നു?

22 'എന്തിനായിരുന്നു ബാലു എന്നെ ഇതിനുവേണ്ടി തെരെഞ്ഞെടുത്തത് നീലിമ ഇങ്ങനെ കരുതാനിടയായ സംഭവമെന്ത്?

23 സ്വന്തം കവിതയുടെ പണിപ്പുരയെക്കുറിച്ച് ഇടശ്ശേരി നല്കുന്ന ഉൾക്കാഴ്ചകൾ എന്തെല്ലാം?

(5X 8 = 40 പരമാവധി മാർക്ക് 35)

## Section C

**ഏതെങ്കിലും രണ്ടു ചോദ്യങ്ങൾ രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

24. നൂറു സിംഹാസനം എന്ന നോവലിലെ നായകന് നായാടിയായ അമ്മയോടുള്ള ബന്ധം ഇന്ത്യയിലെ ദലിതനായ ഒരു ഉദ്യോഗസ്ഥന് സ്വന്തം ജാതിയുമായുള്ള ബന്ധത്തിന്റെ പ്രതീകമാണ്. ഈ അഭിപ്രായം വിശകലനം ചെയ്യുക.

25. എൻ പ്രഭാകരന്റെ 'കുടക് കുറിപ്പുകളി'ൽ അവതരിപ്പിക്കുന്ന കുടകിന്റെ ആധുനിക ചരിത്രം ചുരുക്കി വിവരിക്കുക?

26. 'എന്താണ് സൗന്ദര്യം?' എന്ന ചോദ്യത്തിന് എം പി പോൾ നല്കുന്ന വിശദീകരണങ്ങൾ സമാഹരിച്ച് ഒരു കുറിപ്പെഴുതുക.

27. കുടുംബത്തിന്റെ ഡ്രൈവിംഗ് സീറ്റിലിരിക്കാൻ കഴിവുള്ള സ്ത്രീകഥാപാത്രത്തിന് പ്രധാന സ്ഥാനം നല്കി നമ്മുടെ കുടുംബഘടനയുടെയും കഥാഘടനയുടെയും നിലനിൽക്കുന്ന ധാരണകളെ തകർക്കുകയാണ് ഓട്ടോറിക്ഷക്കാരന്റെ ഭാര്യ എന്ന കഥയിലൂടെ മുകുന്ദൻ ചെയ്തത്. ഈ പരികൽപനയെ വിമർശനാത്മകമായി പരിശോധിക്കുക.

(2X 10 = 20 മാർക്ക്

)

2B1N20069 (Pages : 2) Reg. No:..............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA MC/ Computer Science Degree Examination, November 2020**

**BML1A07(3) – Bashayum Sahithyavum – 1**

(2020 Admission onwards)

Time: 2.5 hours Max. Marks : 80

## Section A

**I** ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക

1. അനക്സഗോറാസിനെ യവനർ ആട്ടിയോടിച്ചതെന്തുകൊണ്ട്?
2. സിയാറ്റിൻ മൂപ്പൻ 'ഞങ്ങൾ നിങ്ങൾക്ക് ഭൂമി വിറ്റാൽ' എന്ന പ്രഭാഷണം നടത്തിയത് ഏത് പരിപാടിയുടെ ഭാഗമാണ്?
3. രാജാവ് പണിതുനല്കിയ സ്വർണക്കൂട് തിരിച്ചെടുത്ത് എന്ത് പകരം തരാനാണ് മീര അഭ്യർഥിക്കുന്നത്?
4. സൂസിയെ മഠത്തിൽനിന്ന് പറഞ്ഞുവിടാൻ കാരണമെന്തായിരുന്നു?
5. 'വേണ്ടാംകടി' എന്ന കഥയിലെ മുത്തശ്ശൻ കിടക്കാറുള്ള, മുറ്റത്തിട്ട കസേരയെ കഥാകൃത്ത് വിവരിക്കുന്നതെങ്ങനെ?
6. "താളത്തിൽ കുതിക്കുന്ന അവളുടെ കാലുകൾ കൂമ്പുകയും വിതുമ്പുകയും ചെയ്യുന്ന ആമ്പൽപ്പൂ പോലെ ആണ്." - സന്ദർഭമെഴുതുക?
7. 'വിളിക്കയാണെന്നെ ഇന്ന്....' മീരയെ പുറത്തേക്ക് വിളിക്കുന്നത് എന്തൊക്കെയാണ്?
8. "ആളുകൾ കണ്ടുകണ്ടാണു സാർ കടലുകൾ ഇത്ര വലുതായത്" ഏതു കവിതയിലെ വരികൾ, രചയിതാവ് ആര്?
9. ന്യാസാലാന്റിന്റെ പുതിയ പേരെന്ത്?
10. ആഫ്രിക്കൻ ഗോത്രവിഭാഗത്തിന്റെ കമ്പിയില്ലാ കമ്പി എന്ന് ലേഖകൻ പരിചയപ്പെടുത്തുന്നതെന്തിനെ?
11. ബുലവായോ നഗരത്തിന് ആ പേര് കിട്ടിയതെങ്ങനെ?
12. എസ്. കെ പൊറ്റക്കാട് രചിച്ച രണ്ട് യാത്രാവിവരണ കൃതികളുടെ പേരെഴുതുക?
13. സ്വാഹിലി എന്ന വാക്കിന്റെ അർഥമെന്ത്?
14. ഇരുപതു നൂറ്റാണ്ടായി ബുദ്ധമുനി ധ്യാനിച്ചിരിക്കുന്നത് എങ്ങനെയാണ്?
15. 'ബുദ്ധനും ഞാനും നരിയും' എന്ന കവിതയിലെ നായകൻ അര മൈൽ കാട്ടുപാതയിലൂടെ നടക്കാൻ തീരുമാനിച്ചതെന്തുകൊണ്ട്?

(2 X 15 = 30 പരമാവധി മാർക്ക് 25)

## Section B

**II. ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.**

16. ആർ. വി ജി മേനോന്റെ അഭിപ്രായത്തിൽ മനുഷ്യർ കപടശാസ്ത്രങ്ങളിൽ പെട്ടുപോകുന്നതെന്തുകൊണ്ട്?

17. നടാലിയക്ക് അച്ഛനെക്കുറിച്ചുള്ള ഓർമകളെന്തെല്ലാം?

18. ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ കിടക്കുന്ന കുടുംബത്തിൽ പെറ്റുവീഴുന്ന പെൺകുട്ടികളുടെ ദുരിതം വേണ്ടാംകടി എന്ന കഥയിൽ ആവിഷ്കൃതമാകുന്നതെങ്ങനെ?

19. കാപ്പിരികളുടെ പൂർവചരിത്രത്തെക്കുറിച്ച് എസ് കെ പൊറ്റെക്കാട് ഒന്നാം അധ്യായത്തിൽ നല്കുന്ന വിവരങ്ങളെന്തെല്ലാം?

20. എത്രയോ കൊല്ലങ്ങളായി ഈ പഞ്ചസാരവഞ്ചന നടന്നുവരുന്നു - കാട്ടുഗ്രാമമായ മസിംബയിൽ എസ് കെ യുടെ ആതിഥേയനായ തുണിക്കച്ചവടക്കാരന്റെ 'പഞ്ചാരവഞ്ചനയുടെ കഥയെന്ത്?

21 'പരമമീ ലക്ഷ്യത്തിൽ സമസൃഷ്ടച്ചെഞ്ചോര, പുരളാനിടയായി' എന്ന് കവി കുറ്റസമ്മതം നടത്താൻ കാരണമായ സംഭവമെന്ത്?

22 ഇന്നത്തെ സാംസ്കാരിക ലോകത്തിന്റെ കപടമുഖത്തെ ഒപ്പിയെടുക്കുന്ന ഹൈറെസലൂഷൻ ക്യാമറയാണ് പല പോസിലുള്ള ഫോട്ടോകൾ എന്ന കവിത - ഈ പ്രമേയം വിശദമാക്കുക?

23 അച്ഛൻ ഉറങ്ങുന്നില്ല എന്ന കഥയിലെ അച്ഛന്റെ വിചിത്രമായ രോഗം എന്തായിരുന്നു?

(5X 8 = 40 പരമാവധി മാർക്ക് 35)

## Section C

**ഏതെങ്കിലും രണ്ടു ചോദ്യങ്ങൾ രണ്ടുപുറത്തിൽ കവിയാതെ ഉപന്യസിക്കുക.**

24. കപടശാസ്ത്രം മനുഷ്യന് ദോഹകരമാകന്ന മൂന്ന് ഘടകങ്ങളേതല്ലാം, വിവരിക്കുക?

25. മലയാള ചെറുകഥയുടെ ഏറ്റവും പുതിയ മുഖത്തെ ഭാഷയിലും ആഖ്യാനത്തിലും പ്രമേയത്തിലും പ്രതിനിധീകരിക്കുന്ന ചെറുകഥാകൃത്താണ് ഫ്രാൻസിസ് നൊറോണ - കക്കുകളി എന്ന കഥയെ അടിസ്ഥാനപ്പെടുത്തി വിവരിക്കുക

26. ഇരുപതാം നൂറ്റാണ്ടിന്റെ മധ്യദശങ്ങളിൽ ആഫ്രിക്കൻ വൻകരയിൽ എത്തിപ്പെട്ട ഇന്ത്യക്കാരുടെ അവസ്ഥകളെക്കുറിച്ച് എസ് കെ നല്കുന്നവിവരങ്ങളെന്തെല്ലാം

27. അധികാരങ്ങൾ കല്പിച്ചുകൊടുത്ത അലങ്കാരങ്ങൾ ഉപേക്ഷിച്ച് സ്വന്തം സ്വത്വത്തിലേക്ക് തിരിച്ചുപോകാനുള്ള സ്ത്രീയുടെ ആത്മാന്വേഷണമാണ് മീരപാടുന്നു എന്ന കവിതയുടെ കാതൽ - ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

(2X 10 = 20 മാർക്ക് )

2B1N20070 (Pages : 2) Reg. No:..............................

Name: ..............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Malayalam Degree Examination, November 2020**

**BML1B01 – Adunika Malayala Kavitha**

(2020 Admission onwards)

Time: 2.5 hours Max. Marks : 80

## Section A

**ഒന്നോ രണ്ടോ വാക്കിൽ ഉത്തരമെഴുതുക.**

1. കഷ്ടപ്പെട്ടപ്പുരുഷനൊരുനാലഞ്ചുകൊല്ലം കഴിച്ചാൻ - കാരണമെന്ത്?
2. നീയഭികോപകാരിയോ?- ആര്? എന്തുകൊണ്ട്?
3. ആ മങ്കയാളതുടനാങ്ങളമാർക്കുനല്കി - ആര്? നല്കിയതെന്ത്?
4. ലോകഗുരുവായതുമവൻജ്ഞാനപ്പെണ്ണേ - ആര്? ഇങ്ങനെ പറയാൻ കാരണമെന്ത്?
5. നിൻ ദീർഘനിദ്രയ്ക്കൂനംപറ്റില്ല - എന്തുകൊണ്ട്?
6. ആ നദിയെയെതിർത്തൊരു ജന്തു നീന്തുമോ?പരാമർശിക്കപ്പെടുന്ന നദി ഏതാണ്?
7. ആനന്ദമുൾക്കൊണ്ടവൾ - ആര്?കാരണമെന്ത്?
8. നാട്ടിൽ നെടിയ ജയക്കൊടി നാട്ടിയനാളും കാട്ടിൽ പൂർവ സ്വപ്നം പോറ്റിയിരുന്നതാര്?
9. അതിവിചിത്രമീ നൃത്തശിക്ഷാക്രമം -കവി ഇങ്ങനെ പറയാൻ കാരണമെന്ത്?
10. അഞ്ചുരൂപ വിലയ്ക്കു വിറ്റേൻ - എന്ത്?
11. വെൺമണിക്കവികൾ ആരൊക്കെ?
12. നാലുഭാഷാകാവ്യങ്ങൾ എന്ന സമാഹാരത്തിൽ ഉൾപ്പെട്ട കൃതികൾ ഏതൊക്കെയാണ്?
13. അവളുടെ ദു:ഖത്താലേ ഞാൻ കരയുന്നു – ആരുടെ ദു:ഖത്താൽ?
14. സൗന്ദര്യ പൂജ ആരുടെ കവിതയാണ്?
15. കോട്ടയിലെ പാട്ടിൽ പരാമർശിക്കപ്പെട്ട ദൈവം ആരാണ്?

**(15x 2 = 30, പരമാവധി 25 മാർക്ക്)**

## Section B

### ഒരു ഖണ്ഡികയിൽഉത്തരമെഴുതുക.

16. ഭൂരിശ്രീചേർന്നൊരു തനുരുഹം മൂർദ്ധ്നി ചൂടുന്നു ദേവൻ - വിശദമാക്കുക.
17. അസഹ്യനാം നീബത! സഹ്യനാണു പോൽ - സ്വാരസ്യം വിശദമാക്കുക.
18. ഏടട്ഠയ്ക്കു ചുറ്റുമിനിയെന്തിനു നാമിരിപ്പൂ ? - എന്തുകൊണ്ട്? വിശദീകരിക്കുക.
19. നിൻജീവവൃത്തപ്പുതുമ പുതിയ പാഠത്തിലൊന്നായിരിക്കും - വിശദീകരിക്കുക.
20. ഗുണത്തിനാം പതി, വനിതയ്ക്കനഭീഷ്ടനെങ്കിലും – കവി ഇങ്ങനെ പറയാൻ കാരണമെന്തായിരിക്കും?
21. അഖില വസുന്ധരയാണാഫ്രിക്ക -ഈ വരികളിലെ മാനവികതാ ദർശനം പരിശോധിക്കുക.
22. പ്രാസവാദത്തെക്കുറിച്ച് ഒരു കുറിപ്പെഴുതുക.
23. വർണ്ണങ്ങൾ ചൊല്ലുകൾ വെവ്വേറെയെങ്കിലും ഒന്നിച്ചു കൂടിക്കഴിഞ്ഞതാണിന്നിലം- സ്വാരസ്യം വിശദമാക്കുക.

**(5 X 8= 40,പരമാവധിമാർക്ക് 35 )**

## Section c

### ഏതെങ്കിലും രണ്ട് ചോദ്യത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24. കേവലമായ പരിസ്ഥിതി സൗഹൃദത്തിന്റെ പ്രതീകമല്ലസർപ്പക്കാട് എന്ന കവിത - സമർത്ഥിക്കുക.

25. കരുത്ത്കരബലത്തിലല്ല കരയാനുള്ള കരുത്തിലാണെന്ന് സ്ഥാപിക്കുന്നവയാണ് അക്കിത്തം കവിതകൾ. പ്രസ്താവന പരിശോധിക്കുക..

26. സന്ദേശ കാവ്യങ്ങളുടെ പൊതു സവിശേഷതകൾ മയൂര സന്ദേശത്തെ മുൻനിർത്തി പരിശോധിക്കുക.

27. മലയാള സാഹിത്യചരിത്രത്തിൽ വെൺമണിക്കവികളുടെ സംഭാവനകൾ വിലയിരുത്തുക.

**( 2 x 10 =20 Marks )**

2B1N20071 (Pages : 1) Reg. No:.............................

Name: .............................

FAROOK COLLEGE (AUTONOMOUS), KOZHIKODE

**First Semester BA Degree Examination, November 2020**

**BML1C01 – Kerala Padanam - Poorvakala Keralam**

(2020 Admission onwards)

Time: 1.5 hours Max. Marks : 40

**Section A**

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. ചരിത്ര രചനാശാസ്ത്രം എന്നാലെന്ത്?
2. മഹാശിലാസംസ്കാരം പ്രേതാരാധനയുമായി ബന്ധപ്പെട്ടുകിടക്കുന്നു എന്നുപറയുന്നതെന്തുകൊണ്ട്?
3. പതിറ്റുപത്തിന്റെ രാഷ്ട്രീയ പ്രാധാന്യമെന്ത്?
4. "ചുത്തരച്ചന്മാർ' എന്നതുകൊണ്ട് വിവക്ഷിക്കുന്നതെന്ത്?
5. പ്രാചീന കേരളത്തിലെ വ്യാപാരസംഘങ്ങൾ ഏതെല്ലാം?
6. "മടലേറ്റം' എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?

(6 X 2 = 12. പരമാവധി 10 മാർക്ക്)

**Section B**

**ഒരു ഖണ്ഡികയിൽ കവിയാതെ ഉത്തരമെഴുതുക.**

7. ജന്മിസമ്പ്രദായത്തിന്റെ ഉത്ഭവത്തെക്കുറിച്ച് ഇളംകുളം കുഞ്ഞൻപിള്ള അവതരിപ്പിക്കുന്ന വാദമെന്ത്?
8. ഭക്തിസാഹിത്യം കേരളസംസ്കാരത്തെ സ്വാധീനിച്ചതെങ്ങനെ?
9. തൃക്കണാമതിലകത്തിന്റെ സാംസ്കാരിക പ്രാധാന്യം വ്യക്തമാക്കുക?
10. ജൈനമതത്തിന്റെ സംഭാവനകളെന്തെല്ലാം?
11. മുസിരിസ്സിന്റെ ചരിത്രപ്രാധാന്യമെന്ത്?
12. കാന്തളൂർശാലയുടെ സവിശേഷതയെന്ത്?

(6 X 4=24. പരമാവധി 20 മാർക്ക്)

**Section C**

**ഏതെങ്കിലും ഒരു ചോദ്യത്തിന് 2 പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

13. സംഘകാലത്തെ മതരാഷ്ട്രീയ സാമൂഹിക ക്രമത്തെക്കുറിച്ച് ഒരുപന്യാസം തയ്യാറാക്കുക.
14. പുരാതന കേരളത്തിലെ സമുദ്രാനന്തര വാണിജ്യബന്ധങ്ങൾ കേരളത്തിന്റെ സാമ്പത്തിക സാംസ്കാരിക രംഗത്തുണ്ടാക്കിയ മാറ്റങ്ങളെന്തെല്ലാം?

(1 x 10 = 10)